**III.** ശ്രദ്ധക്ഷണിക്കൽ

1. **മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങളും സർക്കാർ, എയ്ഡഡ് മേഖലയിൽ സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കാത്തത് സംബന്ധിച്ചും**

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്ത് മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠന പരിശീലനം നൽകുന്ന സ്പെഷ്യൽ സ്കൂളുകൾ പൂർണ്ണമായ അവഗണന നേരിട്ടുകൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ വികൃതികളായി മാറിയ, ഒരു കുടുംബത്തിന്റെ തീരാദുഃഖമായി മാറിയ ഈ കുഞ്ഞുങ്ങളെ പ്രത്യേക പരിശീലനം നൽകി അത്യാവശ്യം അവർക്ക് എഴുന്നേറ്റ് നടക്കാനുള്ള സാഹചര്യമുണ്ടാക്കുകയാണ് ഈ സ്പെഷ്യൽ സ്കൂളുകൾ നമ്മുടെ സംസ്ഥാനത്ത് ചെയ്യുന്നത്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 01–03–2013–ലെ കത്ത് പ്രകാരം സംസ്ഥാനത്തുള്ള 273 സ്ഥാപനങ്ങളുടെ പ്രോജക്ട് പൂർണ്ണതോതിൽ അനുവദിച്ച് വിതരണം ചെയ്യുന്നതിന് ഏകദേശം 66 കോടി രൂപ വേണ്ടിവരും എന്നാവശ്യപ്പെടുകയുണ്ടായി. ഇപ്പോൾ സംസ്ഥാനത്തുള്ള 273 സ്ഥാപനങ്ങളിൽ 53 സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരും 207 സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരുമാണ് ഗ്രാന്റ് നൽകുന്നത്. 18 വയസ് കഴിഞ്ഞവർക്ക് കേന്ദ്ര സർക്കാർ ഒന്നും ചെയ്യുന്നില്ല. 150– ഓളം സ്ഥാപനങ്ങൾക്കായി സംസ്ഥാന സർക്കാർ 2008–09 കാലഘട്ടത്തിൽ 10 കോടി രൂപ ഗ്രാന്റ് നൽകുകയുണ്ടായി. ഇപ്പോൾ ആ 150 സ്ഥാപനങ്ങൾ 207 സ്ഥാപനങ്ങളായി വർദ്ധിച്ചുവന്നപ്പോഴും അതേ തുക തന്നെയാണ് ഗ്രാന്റായി നൽകുന്നത്. കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച

ബഡ്ജറ്റിൽ ഇത് 15 കോടി രൂപയായി പ്രഖ്യാപിച്ചിട്ടുണ്ട് എന്നത് സന്തോഷകരമാണ്. പക്ഷേ 50-ലധികം സ്ഥാപനങ്ങൾ കൂടിവന്ന സാഹചര്യത്തിൽ ഈ തുക വിതരണം നടത്തുമ്പോൾ നാമമാത്രമായ തുകകൾ പോലും ഈ സ്കൂളുകൾക്ക് ലഭിക്കാത്ത ഒരു സാഹചര്യമുണ്ട്. ഈ സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥിതി വളരെ ദയനീയമാണ്. ഈ അദ്ധ്യാപകർ സ്വന്തം കുഞ്ഞുങ്ങളെ വളർത്തുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയും അവരുടെ മനസ്സും ശരീരവും ഏകാഗ്രതയുമെല്ലാം കേന്ദ്രീകരിച്ചാണ് ഈ കുഞ്ഞുങ്ങളെ നോക്കുന്നത്. പൂർണ്ണമായ ക്ഷമയും സമർപ്പണബോധവും ഇല്ലാത്ത ഒരാൾക്ക് ഈ കുഞ്ഞുങ്ങളെ നോക്കാൻ കഴിയില്ല. ശരിക്കും ദൈവത്തിന്റെ കരങ്ങളായി പ്രവർത്തിക്കുന്നവരാണ് ഈ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർ. തുച്ഛമായ തുകയാണ് ഓണറേറിയമായി അവർക്ക് ലഭിക്കുന്നത്. ഇതേ വിദ്യാഭ്യാസ യോഗ്യതയുള്ള ഐ.ഇ.ഡി.എസ്.എസ്., എസ്.എസ്. എ.-ലുള്ള ടീച്ചേഴ്സിന് 10,200/- രൂപ മുതൽ 15,200/- രൂപവരെ നൽകുമ്പോൾ നിലവിൽ സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിന് സർക്കാർ കൊടുക്കാമെന്ന് പറയുന്ന 3,800/- രൂപപോലും കൊടുക്കുന്നില്ല എന്നുള്ളത് വലിയ വിവേചനമാണ് ഈ രംഗത്ത് നിലനിൽക്കുതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. എയ്ഡഡ് സ്റ്റാറ്റസ് ആക്കുന്നതുവരെയെങ്കിലും അല്ലെങ്കിൽ സർക്കാർ ഇത് ഏറ്റെടുക്കുന്നതുവരെയെങ്കിലും ഐ.ഇ.ഡി.എസ്.എസ്., എസ്. എസ്.എ.-യിലുള്ളതുപോലുള്ള തുകയെങ്കിലും നൽകാനുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ വിഭിന്നശേഷിയുള്ളവരിൽ കാഴ്ച ശ്രവണ വൈകല്യമുള്ളവർക്കുവേണ്ടി നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ സംസ്ഥാന

സർക്കാർ എയ്ഡഡ് സ്കൂളുകളായി അംഗീകരിച്ച് ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസം നൽകുന്നുണ്ട്. വിഭിന്നശേഷിയുള്ള ആളുകൾക്ക് തുല്യ അവസരവും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും നൽകുന്നതിന് 1995-ൽ പാർലമെന്റ് ഒരു നിയമം പാസ്സാക്കിയെങ്കിലും സംസ്ഥാന സർക്കാർ ഇത്തരത്തിലുള്ള അവകാശങ്ങൾ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് നിഷേധിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് വിഭിന്ന ശേഷിയുള്ളവരിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന നാല് ലക്ഷത്തോളം കുട്ടികളുണ്ടായിട്ടും ഒരു സർക്കാരും ഈ വിഭാഗത്തിനുവേണ്ടി സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ യാതൊരുവിധ സ്പെഷ്യൽ സ്കൂളുകളും ആരംഭിച്ചിട്ടില്ലായെന്നത് ദൗർഭാഗ്യകരമാണ്. ഈ കാലഘട്ടത്തിനിടയിൽ സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകൾ അനുവദിച്ചു, എത്ര എയ്ഡഡ് സ്കൂളുകൾ അനുവദിച്ചു. പക്ഷേ സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന ഒരു സ്പെഷ്യൽ സ്കൂൾപോലും സർക്കാർ സ്കൂളായി അംഗീകരിക്കാനോ എയ്ഡഡ് സ്റ്റാറ്റസ് നൽകാനോ ഒരു സർക്കാരും ഇതുവരെ തയ്യാറായിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. ബധിര-മൂക വിഭാഗങ്ങൾക്കുവേണ്ടി 32 എയ്ഡഡ് സ്കൂളുകൾക്കും 7 സർക്കാർ സ്കൂളുകൾക്കും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾക്കുവേണ്ടി ഒരു സ്കൂളുപോലും ആരംഭിച്ചിട്ടില്ല. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ 26 (സി) വകുപ്പു പ്രകാരം പ്രൈവറ്റ് മേഖലയിൽ സ്പെഷ്യൽ സ്കൂളുകൾ അനുവദിക്കണമെന്ന് പറയുകയും അതിൽതന്നെ സെക്ഷൻ 26(ഡി)-ൽ സ്പെഷ്യൽ സ്കൂളുകളോട് ചേർന്ന് വൊക്കേഷണൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കണമെന്ന്

നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 19 വർഷക്കാലമായി മാനസിക മായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ഈ ആക്ടിലെ ഒരു വകുപ്പും നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല എന്നത് വളരെ സങ്കടകരമാണ്. അതുകൊണ്ട് ഈ കാര്യം വളരെ ഗൗരവമായി സർക്കാർ ശ്രദ്ധിക്കുകയും അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കു കയും വേണം. ഗ്രാന്റ് 5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും അത് 207 സ്കൂളുകളിലായി വീതംവച്ചുകൊടുക്കുമ്പോൾ ഒരു സഹായവുമുണ്ടാ കുന്നില്ല. ഒരുകാര്യം നമ്മൾ മനസ്സിലാക്കേണ്ടത്, ഒരു മാനേജ്മെന്റും ലാഭ ത്തിനുവേണ്ടിയല്ല ഈ സ്പെഷ്യൽ സ്കൂളുകൾ നടത്തുന്നത്. ഇതൊരു സർവ്വീസായിട്ടാണ് നടത്തുന്നത്. ഈ സ്ഥാപനങ്ങളൊന്നും ലാഭത്തിൽ നട ത്താൻ കഴിയില്ല. ഈ സ്കൂളുകളിൽ പഠിക്കുന്ന 90 ശതമാനം കുട്ടികളും സാധാരണ കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ്. ആ കുട്ടികളെ ഒരു ഓട്ടോറിക്ഷയിൽപ്പോലും ഈ സ്കൂളുകളിൽ എത്തിക്കാൻ ശേഷിയില്ലാ ത്തവരാണ് അവരുടെ മാതാപിതാക്കൾ. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടി ക്കാൻ വേണ്ടി പ്രയാസപ്പെടുന്ന ആ മാതാപിതാക്കൾക്ക് ജീവിതാവസാനം വരെ ബാക്കിനിൽക്കുന്ന ദുഃഖത്തിനിടയിൽ ഈ കുഞ്ഞുങ്ങളെ സ്കൂളിലയച്ച് പഠിപ്പിക്കാൻ പോലും കഴിയാത്ത സാഹചര്യം ഇന്ന് നിലനിൽക്കുന്നു. ഈ ദൗർഭാഗ്യകരമായ സാഹചര്യം ഗവൺമെന്റ് പരിഗണിക്കണം. വാരിക്കോരി സ്കൂളുകളും കോളേജുകളും കൊടുക്കുന്ന മാറിമാറി വരുന്ന ഗവൺമെന്റു കൾ യാതൊരു പരിഗണനയുമില്ലാതെ ഈ മേഖലയിൽ കാണിച്ചിരിക്കുന്ന അവഗണന അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി

മുൻകൈയെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള 278 വിദ്യാഭ്യാസ സ്ഥാപന ങ്ങൾ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (പി.ഡബ്ല്യൂ.ഡി.) ആക്ടിലെ റൂൾസ് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് രജിസ്ട്രേഷൻ നൽകി യിട്ടുണ്ട്. മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്നില്ല. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപന മായ സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. മുകളിൽ സൂചിപ്പിച്ച 278 സ്ഥാപനങ്ങളിൽ ഭൂരിഭാഗവും എൻ.ജി.ഒ.കൾ നടത്തി വരുന്നവയാണ്.കൂടാതെ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ നടത്തുന്ന ബഡ്സ് സ്കൂളുകളും ഉൾപ്പെടുന്നു. അവയിൽ 55 സ്ഥാപന ങ്ങൾക്ക് □ദീനദയാൽ ഡിസേബിൾഡ് റീ–ഹാബിലിറ്റേഷൻ സ്കീം□ പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും ഏതാണ്ട് 7 കോടിയോളം രൂപ സാമ്പ ത്തിക സഹായം ലഭിച്ചുവരുന്നു. ശേഷിക്കുന്നവയിൽ നിശ്ചിത സമയപരിധി ക്കുള്ളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ഓരോ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നു. ആയതുപ്രകാരം ഇത്തരം കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി

2013–14–ലെ ബഡ്ജറ്റിൽ 10 കോടി രൂപ 2202–2–180–70 പ്ലാൻ എന്ന ശീർഷ കത്തിൽ വകയിരുത്തിയിട്ടുള്ളത് ഇതിനകം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഭാഗം സ്ഥാപനങ്ങളുടെ അദ്ധ്യാപ കർക്കും ജീവനക്കാർക്കും ഓണറേറിയം നൽകുന്നതിനായി ഒരു കുട്ടിക്ക് പ്രതിവർഷം 2,000/– രൂപ നിരക്കിൽ ഓരോ സ്ഥാപനത്തിനും അധിക സാമ്പത്തിക സഹായം നൽകുന്നതിനായി 2012–13 സാമ്പത്തിക വർഷം 3.5 കോടി രൂപയ്ക്കുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (എം.എസ്.) നം. 116/13/പൊ.വി.വ. തീയതി 30–03–2013 പ്രകാരം നിർദേശം നൽകുകയും അപേക്ഷ സമർപ്പിച്ചിരുന്ന 240 സ്ഥാപനങ്ങൾക്കായി 3,24,40,000/–രൂപ (മൂന്നു കോടി ഇരുപത്തിനാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ) വിതരണം ചെയ്യുകയുമുണ്ടായി. ആകെയുള്ള 278 സ്ഥാപനങ്ങളിൽ 240 സ്ഥാപന ങ്ങൾ മാത്രമേ അപേക്ഷ സമർപ്പിച്ചിരുന്നുള്ളൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ബഹുമാനപ്പെട്ട വി.ഡി.സതീശൻ ഇവിടെ പറഞ്ഞ പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : ഞാൻ അതിലേയ്ക്ക് വരികയാണ്...... ഞാൻ ഇതൊന്ന് പറഞ്ഞോട്ടേ; മുഴുവൻ മറുപടിയും പറയാം. പ്രസ്തുത സ്കീം സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ഒരു കുട്ടിക്ക് പ്രതി വർഷം 2000 രൂപ നിരക്കിൽ 257 സ്ഥാപനങ്ങൾക്ക് 3,38,68,000 രൂപ അനുവ ദിച്ചുനൽകുന്നതിനുള്ള നിർദ്ദേശം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. മാനസികമായി വെല്ലുവിളികളെ നേരിടുന്ന കുട്ടികളുടേയും സ്കൂളുകളു

ടേയും കാര്യങ്ങൾ പഠിക്കാൻ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.), പാങ്ങപ്പാറയിലെ പ്രിൻസിപ്പൽ പ്രൊഫ. എം. കെ. ജയരാജനെ കമ്മീഷനായി നിയമിക്കുകയുണ്ടായി. കമ്മീഷന്റെ ശുപാർശ പ്രകാരം അവർക്ക് ഒരു ഏകീകൃത പാഠ്യപദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കാൻ എസ്.സി.ഇ.ആർ.ടി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ അക്കാദമിക് വർഷം മറ്റ് കുട്ടികൾക്ക് പാഠപുസ്തകം നൽകുന്ന അതേ സമയത്ത് തന്നെ ഇവർക്കും പാഠപുസ്തകം ലഭ്യമാക്കാൻ എസ്.സി.ഇ.ആർ.ടി. നടപടി സ്വീകരിച്ചുവരികയാണ്. കമ്മീഷന്റെ മറ്റ് പ്രധാന ശുപാർശകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരം കുട്ടികളെ പഠിപ്പിക്കാനുള്ള അദ്ധ്യാപക ട്രെയിനിംഗ് സെന്ററുകൾ സർക്കാർ മേഖലയിൽ വേണ്ടത്ര ഇല്ലാത്തതിനാൽ പാങ്ങപ്പാറ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്രമാക്കി കാസർഗോഡ്, മലപ്പുറം, കോട്ടയം, ഒറ്റപ്പാലം എന്നിവിടങ്ങളിൽ നാല് റീജിയണൽ സെന്ററുകളും നാല് അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളും തുടങ്ങുന്നതിന് 5,56,00,000 രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റ് മൂന്ന് സെന്ററുകൾ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതാണ്. മാനസിക വെല്ലുവിളികളെ നേരിടുന്ന ഇത്തരം കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അപര്യാപ്തമായതിനാൽ 2014–15 വർഷത്തെ ബഡ്ജറ്റിൽ 6.5 കോടി രൂപ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ചുരുക്കത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്.

ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. അത് വളരെ കാലമായി തുടർന്ന് വരുന്ന നിലപാടിന്റെ ഭാഗമായി അങ്ങനെ വന്നതാണ്. പ്രൊഫ. ജയരാജൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും അദ്ദേഹം സന്ദർശിക്കുകയും ഇതുമായി ബന്ധപ്പെട്ട ആളുകളെ കാണുകയും അതിനനുസരിച്ചുള്ള സമഗ്രമായ ഒരു റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. അത് പരിഗണിച്ചുകൊണ്ട് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം ഈ വിഭാഗത്തിന് ചെയ്യണമെന്നതുതന്നെയാണ് ഈ ഗവൺമെന്റിന്റെ താൽപര്യം. ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി സതീശൻ : ഞാൻ ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞ മെറ്റീരിയൽസിന് തന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഇതുപോലുള്ള വിഷയം അവതരിപ്പിക്കുമ്പോൾ യാന്ത്രികമായി മറുപടി പറഞ്ഞാൽ പിന്നെ എന്തു ചോദ്യം ചോദിക്കാനാണ്. എനിക്ക് ഒരു ചോദ്യവും ഇല്ല.

## അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എസ്. ശർമ്മ: സർ, നമ്മുടെ നിയമസഭയുടേയും ഗവൺമെന്റിന്റേയും പ്രത്യേകമായ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്. ചികിത്സയ്ക്കും ഗവേഷണത്തിനു

മായി കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക എന്നത് ഇന്നത്തെ സമൂഹത്തിന്റെ ഒരു പൊതു വികാരമായി, ലക്ഷ്യമായി വളർന്നുകഴിഞ്ഞിരിക്കുകയാണ്. ആധുനിക കേരളത്തിന്റെ വ്യവസായ–വാണിജ്യ മൂലധന തലസ്ഥാനവും, വികസനമുഖവുമാണ് കൊച്ചി. എന്നാൽ മനുഷ്യനെ ഗ്രസിക്കുന്ന മാരക അസുഖമായ കാൻസർ ചികിത്സയ്ക്ക് പ്രത്യേക ചികിത്സാ സൗകര്യവും പശ്ചാത്തലവും അവിടെ ഇല്ലാത്തതിനാൽ തിരുവനന്തപുരം ആർ.സി.സി–യെ ആശ്രയിക്കേണ്ടി വരുന്നു. കൊച്ചിയിൽ നിലനിൽക്കുന്ന എല്ലാവിധ പശ്ചാത്തല സൗകര്യവും പ്രയോജനപ്പെടുത്തുവാനും കാൻസർ ചികിത്സയുടെ സമസ്തതല ഗവേഷ ണത്തിനും അന്തർദ്ദേശീയ നിലവാരത്തോടുകൂടിയ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഈ ആവശ്യം പരിഗണിച്ചുകൊണ്ട് ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ല എന്നതിലും പ്രസ്തുത തീരുമാനം അനൗൺസ് ചെയ്തിട്ടുണ്ടെങ്കിലും പ്രായോഗികമായ പ്രവർത്തനത്തിലേയ്ക്ക് പ്രവേശിച്ചിട്ടില്ല എന്നതിലും പ്രതിഷേധിച്ചുകൊണ്ട് ഇന്ന് എറണാകുളം കളക്ട്രേറ്റിന് മുമ്പിൽ നീതിബോധത്തിന്റെയും ജനാധി പത്യത്തിന്റെയും മാനവികതയുടേയും അടയാളമായി ചരിത്രത്തിൽ നിറസാന്നിദ്ധ്യമായ, ആദരണീയനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ ധർണ്ണ നടക്കുകയാണ്. ജീവിതം ഒരു നൂറ്റാണ്ടിലേയ്ക്ക് പ്രവേശിക്കുന്ന, നമ്മുടെ നാടിന്റെ ആദരണീയ വ്യക്തിത്വമായ ജസ്റ്റിസ് കൃഷ്ണയ്യരെപ്പോലുള്ളവരെ ഈ ആവശ്യത്തിനുവേണ്ടി, പ്രതിഷേധ സൂചക മായി സമരത്തിലേയ്ക്ക് വലിച്ചിഴയ്ക്കാതെ നോക്കേണ്ട ഉത്തരവാദിത്വം തീർച്ചയായും ഗവൺമെന്റിന് തന്നെയാണ്. കേരളത്തിൽ കാൻസർ

രോഗനിരക്ക് അപായകരമാംവിധം വർദ്ധിച്ചുവരികയാണ്. കഴിഞ്ഞ 30 വർഷത്തിനിടെ തിരുവനന്തപുരം ആർ.സി.സി. യിൽ കാൻസർ രോഗബാധിതരുടെ എണ്ണത്തിൽ 280% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് കാൻസർ രോഗചികിത്സയ്ക്ക് പരിപൂർണ്ണ സംവിധാനമുള്ള ഏക ആശുപത്രി ആർ.സി.സി. മാത്രമാണ്. നിലവിൽ മധ്യകേരളത്തിൽ കാൻസർ ചികിത്സയ്ക്ക് പ്രത്യേകമായ ഒരു കേന്ദ്രം നിലവിലില്ലാത്ത സ്ഥിതി തുടരുകയാണ്. ഉത്തരകേരളത്തിൽ തലശ്ശേരിയിലെ മലബാർ കാൻസർ സെന്റർ അതിന്റെ വികസനപാതയിലുമാണ്. ആർ.സി.സി.യിൽ എത്തുന്ന 60% രോഗികളിൽ ആലപ്പുഴ മുതൽ കാസർഗോഡ് വരെയുള്ള ജില്ലക്കാരാണ്. സംസ്ഥാനത്തെ പ്രധാന കാൻസർ ആശുപത്രികളിൽ ഒരു വർഷം പുതുതായി രജിസ്റ്റർ ചെയ്യുന്ന രോഗികളുടെ എണ്ണം ഏകദേശം ¼ ലക്ഷത്തോളം വരും കഴിഞ്ഞ ബഡ്ജറ്റിൽ മധ്യകേരളത്തിൽ ഒരു കാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിരുന്നു. അവിടെ 35 ഏക്കർ സ്ഥലം ലഭ്യമായിരുന്നിട്ടും തുടർനടപടികളൊന്നും ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്നില്ല. ആ ബഡ്ജറ്റിന്റെ കാലാവധി കഴിഞ്ഞു. പുതിയ ബഡ്ജറ്റിന്റെ ചർച്ച നമ്മൾ ഇന്ന് ആരംഭിക്കുകയാണ്. പ്രായോഗികമായ നടപടി സ്വീകരിക്കാത്തതുകൊണ്ട് ഫലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുക ലാപ്സാവുകയാണ് ചെയ്തത്. ഈ ബഡ്ജറ്റിലാകട്ടെ പ്രത്യേകിച്ച് തുക ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടില്ല. കഴിഞ്ഞ ജനുവരി 4-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളേയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും ഒരു യോഗം കൊച്ചിയിൽവച്ച് നടത്തുകയും, കൊച്ചിയിൽ ഒരു കാൻസർ കേന്ദ്രം ആരംഭിക്കുമെന്ന് അങ്ങ് പ്രഖ്യാപിക്കുകയും ചെയ്തു. തീർച്ചയായും നല്ല

കാര്യം തന്നെ. ഇതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ബഡ്ജറ്റിൽ ഒരു രൂപപോലും ഉൾപ്പെടുത്തുന്നതിനോ പ്രത്യേകമായ സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചുകൊണ്ടുള്ള നടപടികൾ പ്രായോഗികമായി തുടരാൻ കഴിയാത്ത സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ന് ജസ്റ്റിസ് കൃഷ്ണയ്യർ ഇപ്രകാരം ഒരു സമരത്തിന് നേതൃത്വം കൊടുക്കുന്നത്. ഇന്ത്യയിലെ എല്ലാ കാൻസർ രോഗ ചികിത്സാ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ്. കേന്ദ്രഗവൺമെന്റ് ഇതിനുവേണ്ടി വിശദമായ റിപ്പോർട്ട് തയ്യാറാക്കികൊടുക്കുന്നവർക്ക് വൻതോതിൽ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. ഹരിയാനയിലെ കാൻസർ കേന്ദ്രത്തിന് 2300 കോടി രൂപയാണ് അടുത്തകാലത്ത് കേന്ദ്രം അനുവദിച്ചത്. കഴിഞ്ഞ വർഷത്തിൽ കൽക്കട്ടയിലെ ചിത്തരഞ്ജൻ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാംഘട്ട വികസനത്തിന് 80% തുകയും കേന്ദ്രം വഹിച്ചു. കേന്ദ്രസഹായം ലഭിക്കണമെങ്കിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആവിധത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കേന്ദ്രത്തിന്റെ തന്നെ അധീനതയിലുള്ള ഹോസ്പിറ്റൽ സർവ്വീസ് കൺസൾട്ടൻസി കോർപ്പറേഷൻ എന്ന ഏജൻസി പ്രവർത്തിച്ചുവരുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ നവരത്നാ പദവിയിലുള്ള ഈ സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട കൃഷ്ണയ്യർ മുമ്പോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനവിഭാഗത്തിന് ആശ്വാസമേകുന്ന ആവശ്യമാണ് ഇത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന്

ആർ.സി.സി. – യുടെ ഒരു ശാഖ പോലെ കൊച്ചിയിലും കോഴിക്കോടും രണ്ടുശാഖകൾ ആരംഭിക്കും എന്ന രൂപത്തിലുള്ള പ്രതികരണമാണുണ്ടായത്. അതല്ല ഉദ്ദേശിക്കുന്നത്. രാജ്യത്തിന്റെ ഗവേഷണത്തിനും ആധുനിക ചികിത്സാസംവിധാനത്തിനും വേണ്ടി നാളെയും മറ്റന്നാളുമായി നടക്കുന്ന ബഡ്ജറ്റിന്മേലുള്ള ഈ ചർച്ചയിൽ ഒരു തീരുമാനമുണ്ടാക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ഒരു നയാപൈസപോലും ചെലവാക്കാതെ അത് ആട്ടോമാറ്റിക്കായി ലാപ്സാവുകയാണ്. ഈ ബഡ്ജ റ്റിൽ തുകയൊന്നും ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടില്ല. സ്പെഷ്യൽ ഓഫീ സറേയും കൺസൾട്ടൻസിയേയും അടിയന്തരമായി നിയോഗിക്കണം. മാത്രമ ല്ല, ഇതിനുവേണ്ടി ഒരു കൺസോർഷ്യം കൊച്ചിയിൽ രൂപീകരിച്ചാൽ വൻതോതിലുള്ള സാമ്പത്തിക സഹായം വ്യാപാര–വ്യവസായ മേഖലയിൽ നിന്നും ലഭിക്കും. ഇന്ത്യയ്ക്ക് തന്നെ മാതൃകയായി, ഒരു മോഡൽ പ്രോജക്ട് ആയി കൊണ്ടുവരാൻ നമുക്ക് കഴിയും. സർക്കാരിന്റെ സഹായം അതിൽ ഉറ പ്പാക്കുക. തീർച്ചയായും ചെയ്യുമെന്നറിയാം. ഹരിയാനയും കൽക്കട്ടയും ചെയ്തതുപോലെ കേന്ദ്രത്തിൽ പ്രോജക്ട് സമർപ്പിച്ച് കാൻസർ കേന്ദ്രം നേടി യെടുക്കുന്നതിന് മുൻകൈ എടുക്കുക. അതുപോലെ ഒരു ഗവേഷണകേന്ദ്ര ത്തിന്റെയും ചികിത്സാകേന്ദ്രത്തിന്റെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെ കൊണ്ടുവരുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് എത്രയും പെട്ടെന്ന് തയ്യാറാക്കുകയും അതിനുവേണ്ടിയുള്ള നടപടി സ്വീകരി ക്കുകയും ചെയ്യണം.

കളമശ്ശേരി കോ–ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് രൂപീകരിക്കുന്നതി നുവേണ്ടി 60 ഏക്കറാണ് കൊടുത്തത്. 25 ഏക്കർ മാത്രമാണ് അന്ന് അതിനു

വേണ്ടി ആവശ്യമുണ്ടായിരുന്നത്. ബാക്കി 35 ഏക്കറിൽ ഒരു ഡീംഡ് സർവ്വകലാശാല മെഡിക്കൽ സെക്ടറിൽ വിഭാവനം ചെയ്യുകയും അതിന് തുടക്കവും കുറിച്ചിട്ടുണ്ടായിരുന്നു. പിൽക്കാലത്ത് അത് പ്രായോഗികമായില്ല. അതിന്റെ പോസ്റ്റ്മോർട്ടത്തിലേക്കൊന്നും ഞാൻ ഈ സന്ദർഭത്തിൽ കടക്കുന്നില്ല. ഈ പ്രശ്നത്തിന്മേൽ ഇന്ന് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുമ്പോൾ, ഒരു നൂറ്റാണ്ടിലേക്ക് ജീവിത സായാഹ്നമെത്തി നിൽക്കുന്ന ആദരണീയനായ വി. ആർ. കൃഷ്ണയ്യർ ഒരു സമരമുഖത്ത് നിൽക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് അതിനൊരു പരിഹാരം കാണണം. ശ്രീ. വി. ആർ. കൃഷ്ണയ്യരെ കൂടാതെ, കേരളത്തിന്റെ സാംസ്ക്കാരിക രംഗത്തെ തിളക്കമാർന്ന വ്യക്തിത്വമായ പ്രൊഫ. എം. കെ. സാനു, ആരോഗ്യ ശാസ്ത്രശാഖയ്ക്ക് കേരളത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ ഡോ. രാമചന്ദ്രൻ, അതുപോലെ സാഹിത്യകാരന്മാർ, സാംസ്ക്കാരിക നായകന്മാർ, പണ്ഡിത പ്രമുഖർ എല്ലാവരും ഒത്തുചേർന്നാണ് ഇന്ന് ആ സമരം നടത്തുന്നത്. എച്ച്. എസ്.സി.-യെ കൺസൾട്ടന്റായി നിയോഗിക്കുക എന്നതാണ് ശ്രീ. വി. ആർ. കൃഷ്ണയ്യർ ആവശ്യപ്പെടുന്നത്. അതിന്റെ പ്രായോഗികമായ എല്ലാ വശവും ഗവൺമെന്റാണ് പരിശോധിക്കേണ്ടത്. ഈ വിഷയത്തിൽ തീർച്ചയും മൂർച്ചയുമുള്ള ഒരു നിലപാടുണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) സർ, ശ്രീ. എസ്. ശർമ്മ ഈ സഭയുടെ ശ്രദ്ധക്ഷണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിലേക്കാണ്. അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങളോടും എനിക്ക് യോജിപ്പാണ്. പക്ഷെ, ഇന്ന്

നടക്കുന്ന സമരം തികച്ചും തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലുണ്ടായതാണ്. എറണാകുളത്ത് ഏറ്റവും ഉന്നത നിലവാരത്തിലുള്ള ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും ഒരു റിസർച്ച് സെന്ററും വേണമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും 2013–14–ലെ ബഡ്ജറ്റിൽ അത് പ്രഖ്യാപിക്കുകയും അതിനുവേണ്ടി അഞ്ച് കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. അതനുസരിച്ച് ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചു. ജനുവരി മാസം 4–ാം തീയതി എറണാകുളത്തുവച്ച് ഞാൻ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. ആ യോഗത്തിൽ ആരോഗ്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി, കേന്ദ്രമന്ത്രി പ്രൊഫ. കെ. വി. തോമസ്, എം.പി.–മാർ എന്നിവരെക്കൂടാതെ ശ്രീ. എസ്. ശർമ്മ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. ബെന്നി ബെഹനാൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എന്നിവരടക്കമുള്ള എം.എൽ.എ.–മാരും പങ്കെടുത്തിരുന്നു. കൊച്ചിയുടെ മാത്രമല്ല, മധ്യകേരളത്തിന്റെ തന്നെ ആവശ്യമെന്നുള്ള നിലയിൽ അതിനെ കാണുകയും അവിടെവച്ചു തന്നെ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. ജനുവരി മാസം 8–ാം തീയതി കൂടിയ മന്ത്രിസഭാ യോഗത്തിൽ അത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആരോഗ്യ വകുപ്പുമന്ത്രി തയ്യാറാക്കിക്കൊണ്ടുവന്നിരുന്നു. അവിടെ എടുത്ത തീരുമാനങ്ങൾ ഇവയാണ്, *(1)* കൊച്ചി മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നു; *(2)* ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ഒരു കൺസൾട്ടൻസിയെ നിയോഗിക്കുന്നതിന് ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തുന്നു; *(3)* ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ അനുമതി നൽകുന്നു. ജനുവരി 4–ാം തീയതി നമ്മൾ അവിടെവച്ച് തീരുമാന

മെടുക്കുന്നു, 8-ാം തീയതി ക്യാബിനറ്റ് ചേർന്ന് ഈ തീരുമാനമെടുത്തു. ഈ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ക്യാൻസർ ചികിത്സാ രംഗത്ത് ഏറ്റവും പ്രശസ്തനായ ഡോ. വി. പി. ഗംഗാധരനുമായി ആരോഗ്യ വകുപ്പു മന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും സംസാരിച്ചു. അദ്ദേഹം ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ സ്പെഷ്യൽ ഓഫീസറായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനിടയിൽ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി കേരളത്തിൽ വന്നു. അദ്ദേഹവുമായി ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പ് ഉദ്യോഗ സ്ഥരും വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊച്ചിക്കും കോഴിക്കോടിനും രണ്ട് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് 45 കോടി രൂപാവീതം നൽകാമെന്ന് സമ്മതിച്ചു. കൊച്ചിയെ സംബന്ധിച്ചിട ത്തോളം പൂർണ്ണമായ തീരുമാനമെടുത്ത സാഹചര്യമായതുകൊണ്ട് ആ 45 കോടി രൂപ ഈ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടിത്തന്നെ വിനിയോഗിക്കുന്നതിന് തീരു മാനമെടുത്തു. ഈ വിഷയത്തിൽ സമയബന്ധിതമായിത്തന്നെ മുന്നോട്ടു നീങ്ങുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതാണ് സംശയത്തിന്റെ സാഹചര്യം സൃഷ്ടിച്ചത്. ഇതിന്റെ ഡി.പി.ആർ. തയ്യാറായി ട്ടില്ല. ഡി.പി.ആർ. ആകുന്നതിനുമുമ്പ് തുക കൊള്ളിച്ചാൽ നാമമാത്രമായ തുകയേ വകയിരുത്താൻ സാധിക്കുകയുള്ളൂ. ഈ വർഷത്തെ ബഡ്ജറ്റിൽ അഞ്ച് കോടിരൂപയുണ്ട്. ഇത് ഈ വർഷംതന്നെ തീരുമാനിക്കുന്ന കാര്യ മാണ്. അതുകൊണ്ട് ബഡ്ജറ്റ് സപ്പോർട്ടോടുകൂടിയാണ് കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്-കം-റിസർച്ച് സെന്റർ പ്രവർത്തനം ആരംഭിക്കുന്നത്. അതിന് പണം ഒരു പ്രശ്നമേയല്ല. 45 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭി ച്ചുകഴിഞ്ഞു. ഡി.പി.ആർ. കിട്ടുന്നതിനനുസരിച്ച് ആവശ്യാനുസരണം വീണ്ടും

തുക അനുവദിക്കും. അതിൽ യാതൊരു സംശയവുംവേണ്ട എന്നുവ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് വ്യക്തമായ ഒരു കാഴ്ച്ചപ്പാടുണ്ട്. ഇതുപോലെയുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ വരുമ്പോൾ നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്ഥലവുമായി ബന്ധപ്പെട്ടാണ്. ഇവിടെ ആ പ്രശ്നമില്ല. ഇവിടെയുള്ള മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തതോടുകൂടി മെഡിക്കൽ കോളേജും അതിന്റെ സ്ഥലവും ഗവൺമെന്റിന്റെ നിയന്ത്രണത്തിലായി. മെഡിക്കൽ കോളേജിന് ആവശ്യമുള്ള സ്ഥലം കഴിഞ്ഞ് ബാക്കിയുള്ള സ്ഥലത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിക്കുകയും അതിനുവേണ്ടി ഏറ്റവും നല്ല കൺസൾട്ടൻസിയെ വയ്ക്കുകയും ഏറ്റവും നല്ല സ്പെഷ്യൽ ഓഫീസറെ ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ വളരെ സമയബന്ധിതമായിത്തന്നെ ഈ കാര്യങ്ങളുമായി മുന്നോട്ടുപോകുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്യാൻസർ ചികിത്സയുടെ ആവശ്യകതയോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ഈ ഗവൺമെന്റിന് അത് സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ച്ചപ്പാടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്യാൻസർ ബാധിതർ ഇന്ന് കേരളത്തിലാണ്. കേരളത്തിലെ ഒരു ലക്ഷം പുരുഷന്മാരിൽ 133 പേരും ഒരു ലക്ഷം സ്ത്രീകളിൽ 123 പേരും ക്യാൻസർ രോഗബാധിതരാണ്. നേരത്തേകൂട്ടി കണ്ടുപിടിക്കുന്ന പക്ഷം ഇന്നുകാണുന്ന ക്യാൻസർ രോഗികളിൽ 50% പേരിലും രോഗം ഭേദമാക്കാൻ കഴിയും. 30% പേരിൽ രോഗം വരാതെ തടയാൻ കഴിയും. 100 പേരിൽ 80 പേരെയും അതായത് 50 പേരിൽ രോഗം ഭേദമാക്കാനും 30 പേരിൽ രോഗം വരാതിരിക്കാനുള്ള നടപടി സ്വീകരിക്കാനും സാധിക്കും. അതുകൊണ്ടുതന്നെ ക്യാൻസർ ചികിത്സയ്ക്ക് പരമാവധി പരിഗണന കൊടുക്കും. തിരുവ

നന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ നാഷണൽ ക്യാൻസർ സെന്ററാക്കി ഉയർത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. തലശ്ശേരി ക്യാൻസർ സെന്റർ ആർ.സി.സി.-യായി മാറ്റണമെന്നതാണ് ഗവൺമെന്റിന്റെ ആഗ്രഹം. തിരുവനന്തപുരത്തും തലശ്ശേരിയിലും ഇത് നടത്തുന്നതിനോടൊപ്പംതന്നെ എറണാകുളത്തെ ഈ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റവും അത്യാധുനിക സൗകര്യങ്ങളുള്ള ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്-കം-റിസർച്ച് സെന്റർ ആക്കി മാറ്റണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ കാര്യത്തിനുവേണ്ടിയുള്ള എല്ലാ വിധത്തിലുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അത് സംബന്ധിച്ച് ഒരു ആശങ്കയുംവേണ്ട. ഈ വർഷത്തെ ബഡ്ജറ്റിലും ഈ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള പരാമർശമുണ്ട്. പക്ഷെ തുക മാറ്റിവച്ചിട്ടില്ല. തുക മാറ്റിവയ്ക്കാതിരുന്നത് വിട്ടുപോയതുകൊണ്ടോ അല്ലെങ്കിൽ അവഗണിച്ചതുകൊണ്ടോ അല്ല. മറിച്ച്, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വരുന്നതിനുമുമ്പ് വലിയൊരു തുക ഉൾക്കൊള്ളിക്കാൻ സാധിക്കില്ല എന്നതുകൊണ്ടാണ്. നാമമാത്രമായ തുകയുടെ ആവശ്യമില്ല, ഈ വർഷത്തെ ബഡ്ജറ്റിലുണ്ട്. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം അതിന്റെ ഫണ്ടിംഗ് സംബന്ധിച്ച് ഗവൺമെന്റ് ആവശ്യമായ തീരുമാനങ്ങളെടുക്കും. സമയബന്ധിതമായിത്തന്നെ ഇതവിടെ സ്ഥാപിക്കുമെന്ന് ഉറപ്പുപറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, വിശദീകരിച്ചതിൽ ഡോ. ഗംഗാധരനെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതു തീർച്ചയായും നല്ല കാര്യം തന്നെ. ഈ വർഷം ഡി.പി.ആർ ആകാത്തതുകൊണ്ടാണ് ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തത് എന്ന്

പറഞ്ഞു. കഴിഞ്ഞ വർഷം അഞ്ചുകോടി രൂപ ഉൾപ്പെടുത്തുകയും ഇത് ചർച്ചയായി സജീവമായി വരികയും ചെയ്തപ്പോൾ ഈ വർഷം ഒന്നും ഉൾപ്പെടുത്താതിരിക്കുകയും ചെയ്ത പ്രശ്നത്തിനാണ് വ്യക്തതയില്ലായ്മ വന്നത്. ഡി.പി.ആറോ മറ്റൊന്നും ഇല്ലാതിരുന്ന സന്ദർഭത്തിൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽപ്പെടുത്തി. ഈ വർഷത്തെ ബഡ്ജറ്റിൽ ഡി.പി.ആർ. ഇല്ലാത്തതുകൊണ്ടാണ് സഫിഷ്യന്റ് തുക ഉൾപ്പെടുത്താതത് എന്ന് പറഞ്ഞ പ്പോൾ അതു തമ്മിലൊരു കോൺട്രഡിക്ഷൻ വരുന്നുണ്ട്. ഞാൻ അതിലേക്ക് വരുന്നില്ല. അങ്ങ് പറഞ്ഞത് പൂർണ്ണമായും മുഖവിലയ്ക്കെടുക്കുകയാണ്. കൺസൽട്ടൻസിയെ സംബന്ധിച്ച് അതുമായി ബന്ധപ്പെട്ട സമിതി പല പ്രാവശ്യം മീറ്റിംഗ് വിളിച്ചതും അങ്ങയോട് പറഞ്ഞിട്ടുള്ളതും അറിയാമല്ലോ. ഇന്ത്യാ ഗവൺമെന്റിന്റെ നവരത്നാ പദവിയിലുള്ള എച്ച്.എസ്.സി.സി.യെ സംബന്ധിച്ച് സജഷൻ പറയുന്നുണ്ട്. അക്കാര്യത്തെക്കുറിച്ച് എന്താണ് നില പാടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിനെ സംബന്ധിച്ച് ആധികാരികമായ ഒരു അഭിപ്രായം പറയാൻ ഞാൻ ശക്തനല്ല. ഏറ്റവും നല്ല ഒരു ഡി.പി.ആറാണ് നമുക്ക് തയ്യാറാക്കേണ്ടത്. അതിന് ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തിയി രിക്കുകയാണ്. അവർ ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെട്ട് തീരുമാനി ക്കും. അക്കാര്യത്തിൽ ഞാൻ ഇടപെടുന്നില്ല. ഏറ്റവും നല്ല വശം പരിശോ ധിച്ച് അതിന്റെ തീരുമാനം എടുക്കും അഞ്ചുകോടി രൂപയോ പത്ത് കോടി രൂപയോ ഉൾക്കൊള്ളിക്കാനായിരുന്നെങ്കിൽ ഒരു വിഷമവുമില്ല. അഞ്ചു കോടി രൂപയോ മുപ്പത്തിയഞ്ചു കോടി രൂപയോ അല്ല ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ കാഴ്ചപ്പാട്. അങ്ങനെ ഭീമമായ തുക ഡി.പി.ആർ. പോലുമാകാതെ വകക്കൊള്ളിക്കുന്നത് നല്ല ഒരു ബഡ്ജ

റ്റിംഗ് സിസ്റ്റവുമായിരിക്കില്ല. അതുകൊണ്ട് ഞാൻ വീണ്ടും ആവർത്തിക്കുന്നു. പണം ഈ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു പ്രശ്നമേയാകില്ല. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സ്ഥലമായിരുന്നു അതിനെ സംബന്ധിച്ചും ഗവൺമെന്റിന് വ്യക്തമായ ധാരണ ആയിക്കഴിഞ്ഞു. നമ്മുടെ കൈയിലുള്ള ഭൂമിയിൽ തന്നെയാണ് ഉദ്ദേശിക്കുന്നത്. ഏറ്റവും നല്ല ഡോക്ടറെ സ്പെഷ്യൽ ഓഫീസറായി വയ്ക്കാൻ കിട്ടി. ഏറ്റവും നല്ല ഒരു ഏജൻസിയെ വച്ച് ഡി.പി.ആർ. തയ്യാറാക്കികൊണ്ട് വേഗത്തിൽ കാര്യങ്ങൾ മുന്നോട്ട് പോകും.

(സബ്മിഷൻ)